ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി): അബ്ദു റഹിമാന്റെ ശവം അടക്കിയതിനുശേഷം അതിൽ സംശയമുണ്ടെന്നു പരാതി ലഭിച്ചതിനെത്തുടർന്ന് എക്സിക്യൂട്ടീവ് സെക്കന്റ് ക്ലാസ് മജിസ്ട്രേറ്റ്തന്നെ അതിന്റെ ഇൻക്വസ്റ്റ് നടത്താനുള്ള നടപടി സ്വീകരിക്കുകയും ഫോറൻസിക് മെഡിസിൻ പ്രൊഫസർതന്നെ അതിന്റെ പോസ്റ്റ്മോർട്ടം നടത്തുകയും ചെയ്തു. വിശദമായ കെമിക്കൽ പരിശോധനയ്ക്കായി അയച്ചിരിക്കുകയാണ്. ക്രൈം ബ്രാഞ്ച് അന്വേഷണം ഏറ്റെടുത്ത് ഊർജ്ജിതപ്പെടുത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(24) കായംകുളം താലൂക്കാശുപത്രിയുടെ ശോച്യാവസ്ഥ

ശ്രീ. തച്ചടി പ്രഭാകരൻ : സർ, കായംകുളം ഗവൺമെന്റ് ഹോസ്പിറ്റൽ ഒരു താലൂക്ക് ഹോസ്പിറ്റലായി ഒരു വർഷത്തിനു മുമ്പ് ഗവൺമെന്റ് അപ്ഗ്രേഡ് ചെയ്തതാണ്. ഇന്നവിടെ 114 ബെഡ്ഡുണ്ട്. 25 ബെഡ്ഡുകളുടെ പണി നടന്നുകൊണ്ടിരിക്കുകയാണ്. ആകെ നാല് ഡോക്ടർമാരാണ് അവിടെയുള്ളത്. ഏകദേശം 40 മുതൽ 50 വരെയുള്ള ഗർഭിണികളെ അവിടെ ഇൻപേഷ്യന്റായിട്ട് അഡ്മിറ്റ് ചെയ്തുവരുന്നുണ്ട്. നാലു ഡോക്ടർമാരിൽ ഒരു ലേഡി ഡോക്ടർ ഉണ്ടെങ്കിലും അത് ഗൈനക്കോളജിസ്റ്റല്ല. അതുകൊണ്ട് ആവശ്യമായ ഡോക്ടർമാരേയും ആവശ്യമായ സ്റ്റാഫിനേയും അടിയന്തിരമായി നിയമിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഇപ്പോൾ അവിടെ സൂപ്രണ്ടും രണ്ടു പോസ്റ്റ്ഗ്രാഡ്വേറ്റ് ഡോക്ടേഴ്സുമുണ്ട്. രണ്ട് ഡോക്ടർമാരെ ഈ അടുത്ത അവസരത്തിൽ നിയമിച്ചിട്ടുണ്ട്. അവർ ചാർജ് എടുക്കുന്നതായിരിക്കും.

(25) മലബാറിലെ സ്വകാര്യവനഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടയം

ശ്രീ. കെ. ഇ. ഇസ്മയിൽ : സർ, കഴിഞ്ഞ പത്തിരുപത്തഞ്ചു കൊല്ലമായി പരിഹാരം കാണാതെ കിടക്കുന്ന മലബാർ മേഖലയിലെ മലയോരകർഷകരുടെ പട്ടയത്തിന്റെ പ്രശ്നമാണ് ഞാൻ ഇവിടെ ഉന്നയിക്കുന്നത്. കേരള സംസ്ഥാനത്തിൽ മലബാർ മേഖലയിലെ സ്വകാര്യവനങ്ങൾ ദേശവൽക്കരിക്കുന്ന അവസരത്തിൽ സ്വകാര്യവനഭൂമി അന്ന് കൈവശം വച്ചിരുന്ന ജന്മിമാർ പാട്ടത്തിനു കൊടുത്ത ഭൂമികളിൽ വാഴയും കപ്പയും റബ്ബറുമൊക്കെ കൃഷി ചെയ്തുവരുന്ന അനവധി കൃഷിക്കാർ ഉണ്ട്. അത്തരം കൃഷിക്കാർക്ക് ഇന്നുവരെ കൈവശരേഖ കിട്ടിയിട്ടില്ല. പട്ടയം കിട്ടിയിട്ടില്ല. സത്യത്തിൽ സർക്കാർ വനഭൂമി വെട്ടിനശിപ്പിച്ച് കയ്യേറിയ അതേ പ്രതീതിയാണ് മലബാറിലെ സ്വകാര്യവനഭൂമിയിൽ കൃഷി ചെയ്തുവരുന്ന കൃഷിക്കാരോടും ഈ ഗവൺമെന്റ് എടുത്ത സമീപനം. അതുകൊണ്ട് അടിയന്തിരമായി മലബാർ മേഖലയിലെ സ്വകാര്യ വനഭൂമി ദേശവൽക്കരിക്കുന്ന അവസരത്തിൽ 1964-ന് മുമ്പ് കൈവശക്കാരായിരുന്ന മുഴുവൻ ആളുകൾക്കും പട്ടയം കൊടുക്കുമെന്ന ഗവൺമെന്റിന്റെ പ്രഖ്യാപനം നടപ്പിലാക്കുന്നതിനുവേണ്ടി പരിശ്രമിക്കണം. എന്റെ പഞ്ചായത്തിൽനിന്ന്

LIBRARY ARCHIVES Kerala Legislative Assembly